മിസ്റ്റർ കെ. ഐ. വേലായുധൻ: സുബ്രഹ്മണ്യയ്യൻ താസിൽദാരുമായി യോജിച്ച് പണയാധാരം എഴുതി കൊടുത്തു പണം മേടിച്ചു എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസ് വേണം.

SHIFTING OF RADIO IN CHERANELLUR PANCHAYAT TO A MORE CROWDED LOCALITY

112. (248) മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ചേരാനെല്ലൂർ പഞ്ചായത്തിൽ ഒരു റേഡിയൊ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നുണ്ടോ;

(സി) ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും റേഡിയൊ കൂടുതൽ സൌകര്യവും ജനനിബിഡവുമായ സ്ഥലത്തേക്കു മാറ്റിക്കിട്ടണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ട്.

(ബി) ഇപ്പോൾ പ്രവൃത്തിക്കുന്നില്ല.

(സി) കൂടുതൽ ജനനിബിഡമായ സ്ഥലത്തേക്കു മാറ്റി കിട്ടണമെന്ന ആവശ്യപ്പെട്ടുകൊണ്ട് ഒരു പത്രാപ്പേർട്ട കിട്ടിയിട്ടുണ്ട്.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഈ റേഡിയോ സ്ഥാപിച്ചിട്ട് എത്ര കാലമായി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്ര കാലമായി എന്നറിഞ്ഞുകൂടാ.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: അതു നടക്കാതെയായിട്ട് എത്ര കാലമായി?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അധികകാലമായിട്ടില്ല.

മിസ്റ്റർ കെ. കരുണാകരൻ: പഞ്ചായത്തിൽനിന്നു സ്ഥാപിച്ചിട്ടുള്ള റോഡിയോ കർം പ്രവർത്തിക്കുന്നതു ഏതെങ്കിലുമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ശബ്ദിക്കുന്നതുണ്ട്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: ഇതു പ്രവർത്തിക്കാത്തതിന്റെ കാരണമെന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബാറ്ററിയുടെ കുറവുകൊണ്ടാണ്.

മിസ്റ്റർ കെ. ഡബ്ലിയു. മുഹിദ്ധരമാരാർ: കുറവുള്ള ദിക്കുകളിൽ പഞ്ചായത്തു റേഡിയോകർം പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആക്ഷേപം കിട്ടിയിട്ടില്ല.

മിസ്റ്റർ മുഹമ്മദു അയുബ് സേട്ട്: ബാറ്ററികർം വാങ്ങാൻ കിട്ടുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വാങ്ങാൻ കിട്ടും. വാങ്ങിക്കുന്നുണ്ട്. പിന്നെയും കേട് വരികയാണ്. കോടുവരുമ്പോഴാണ് ചോദ്യമുണ്ടാകുന്നതു. നന്നായിരിക്കുമ്പോൾ ചോദ്യമില്ല.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: കേടുവന്നിട്ട് എത്ര കാലമായെന്നു അറിഞ്ഞുകൂടേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബാറ്ററി കേട വന്നതാണ്. അതു കഴിഞ്ഞാൽ പിന്നെയും ചാർജ്ജു ചെയ്യണം. അല്ലെങ്കിൽ ശരിയായി പ്രവർത്തിക്കയില്ല. കേടുവന്നിട്ട് അധികം കാലമായിരിക്കയില്ല.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: അതു് ഇനി നന്നാക്കുകയില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ചേരാനെല്ലൂരിലെ റേഡിയോ നന്നാക്കാൻ ശ്രമിക്കുന്നുണ്ട്. അടുത്തുതന്നെ നേരെയാകും.

മിസ്റ്റർ ടി. പി. സീതാരാമൻ: രണ്ടര മാസത്തിനു മുമ്പാണോ കേടുവന്നതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിവരമില്ല.

മിസ്റ്റർ പി. കെ. ഡീവർ: ഈ റേഡിയോ ജനനിബിഡമായ സ്ഥലത്തേക്കു മാറ്റിക്കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പത്രാപ്പോട്ട് കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു. അതിന്മേൽ നടപടിയെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നടപടി എടുത്തു. പഞ്ചായത്തിനോട് അഭിപ്രായം ചോദിച്ചു. പഞ്ചായത്തുകാർ അതു മാറ്റാൻ സമ്മതിച്ചു.

മിസ്റ്റർ പി. കെ. പോൾ: റേഡിയോ കേടുവന്നു പ്രവർത്തിക്കാതിരിക്കുന്ന കാലത്തു് ഓപ്പറേറ്റർക്കു് ശമ്പളമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കേടുവരുമ്പോൾ ശമ്പളമൊന്നും നിൽക്കാറില്ല.

PRIVATE BANKS STARTED DURING WAR TIME—PARTICULARS OF

113. (146) **Mr. K. W. Muralidhara Marar** *(Trippunittura)*: Will Government be pleased to state.—

(*a*) whether they are aware of the fact that innumerable private banks have sprung up in our State during the war period;

(*b*) whether it has come to the notice of the Government that many of them have failed causing ruin to many people;

(*c*) whether the Government has taken any steps to regulate their activities?

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*) Yes.

(*b*) Yes.

(*c*) The matter is under consideration of Government.

മിസ്റ്റർ കെ. ഡബ്ലു. മുരളീധരമാരാർ: എത്ര ബാങ്കുകൾ ഇങ്ങനെ പൊളിഞ്ഞിട്ടുണ്ടെന്നു് സർക്കാരിനു് പരിശോധിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: എത്ര ബാങ്കുകൾ പൊളിഞ്ഞിട്ടുണ്ടെന്നു പരിശോധിച്ചിട്ടില്ല. ചില ബാങ്കുകൾ പൊളിഞ്ഞതായി അറിയാം.

മിസ്റ്റർ കെ. ഡബ്ലു. മുരളീധരമാരാർ: ഇതിനെ സംബന്ധിച്ചു് വല്ല നിയമവും ഉണ്ടാക്കാൻ ആലോചനയുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചനയുണ്ടു്.

SUITABILITY OF ERIYAD, AZHICODE, ETC., FOR COIR INDUSTRY

114. (111) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സർക്കാരിന്റെ സദയം മറുപടി പറയുമോ.—

(എ) തൊഴിലില്ലായ്മയും പട്ടിണിയും ഉപയോഗിച്ചുവരുന്ന വില്ലേജുകളാണു് അഴീക്കോടു്, എറിയാടു്, എടവിലങ്ങു് എന്നു സർക്കാരിനു് അറിയാമോ;

(ബി) പ്രസ്തുത വില്ലേജുകൾ കയർവ്യവസായത്തിനു പറ്റിയ കേന്ദ്രമാണെന്നു് ഗവർമ്മെണ്ടിനു നിശ്ചയമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അറിവില്ല.

(ബി) തെങ്ങിൻകൃഷി ധാരാളമുള്ളതുകൊണ്ടും ജലമാർഗമായുള്ള ഗതാഗതത്തിനു് ധാരാളം സൌകര്യങ്ങൾ ഉള്ളതുകൊണ്ടും ഈ പ്രദേശങ്ങളിൽ കയർവ്യവസായം നടത്താവുന്നതാണു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: കയർ വ്യവസായം നടത്താവുന്നതാണെന്നു് ഗവർമ്മെണ്ടു് പറഞ്ഞു. ഇന്നു് ഏതെങ്കിലും ഒരു വില്ലേജിൽ ഈ വ്യവസായം ഉടനെ ആരംഭിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ പറഞ്ഞ വില്ലേജുകളിൽ ഏതിലെങ്കിലും കയർ വ്യവസായം ഉടനെ തുടങ്ങാമോ എന്നു് ചോദിച്ചാൽ ഉടനെ തുടങ്ങാമെന്നു് ഉറപ്പു പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ എം. ഐ. പോൾ: ചകിരിവ്യവസായം കോവാപ്പറേറ്റീവു് സൊസൈറ്റി വഴി തുടങ്ങാൻ ഗവർമ്മെണ്ടു് പ്രപ്പോസലിലില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അഴീക്കോട്ടു് കോവാപ്പറേറ്റീവു് സൊസൈറ്റിയുണ്ടു്. അതിന്റെ കീഴിൽ കയർ വ്യവസായം തുടങ്ങുകയാണെങ്കിൽ അതിനു് വേണ്ട ധനസഹായം ചെയ്യാമോ?

LIBRARY ARCHIVES Kerala Legislative Assembly